# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1903 08-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. എം. ഉമ്മർ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>പൊതുവിപണിയിൽ നിന്നും വായ്പ</u>**

| | | |
|---|---|---|
| (എ) | പൊതുവിപണിയിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര തുകയാണ് 2018-19 സാമ്പത്തിക വർഷം എടുക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | 2018-19 സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽ നിന്നും 25,985 കോടി രൂപ സമാഹരിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനകം എത്ര തുക വായ്പയായി എടുത്തിട്ടുണ്ട് ; വ്യക്തമാക്കാമോ ; | 2016-17 സാമ്പത്തിക വർഷം 29,083.54 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (സി) | ട്രഷറി നിക്ഷേപം വഴി മൊത്തം എന്തു തുക സമാഹരിച്ചിട്ടുണ്ട് ; ഈ വർഷത്തെ ട്രഷറി നിക്ഷേപലക്ഷ്യം എത്രയാണെന്ന് വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2017-18-ൽ നവംബർ 30 വരെ 6683.98 കോടി രൂപ സേവിംഗ്സ് നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ള സർക്കാർ അനുവദിച്ച പദ്ധതി/പദ്ധതി ഇതര ധന സഹായങ്ങളും മേൽ തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പുതിയ കർമ്മപദ്ധതികൾക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ; | വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കുന്നതിനും 1999-ലെ കിഫ്ബി ആക്ട് പരിഷ്ക്കരിച്ചു കൊണ്ട് സെബിയും ആർബിഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും നടപടി സ്വീകരിച്ചു. കൂടാതെ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന വായ്പാപരിധിക്കുള്ളിൽ നിന്ന് പൊതു വിപണി, എൻ.എസ്.എസ്.എഫ്, നബാർഡ്, വിദേശ വായ്പ അടക്കമുള്ളവ പ്രയോജനപ്പെടുത്തി വികസനപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാനുമാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ഇ) | ലോക ബാങ്കിൽ നിന്നുള്ള വായ്പ ഏതെല്ലാം പദ്ധതികൾ നിവ്വഹിക്കുന്നതിനാണെന്ന് അറിയിക്കാമോ ? | ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്, ജലനിധി തുടങ്ങിയ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകൾക്ക് ലോക ബാങ്ക് സഹായം പ്രതീക്ഷിക്കുന്നുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ